(എ) കൊച്ചിയിൽ പെട്രോ കെമിക്കൽ പ്ലാന്റും പുനർവാതകീകരണ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുകയുടെ നിക്ഷേപം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യവസായങ്ങളിൽ എത്രപേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരളത്തിൽ ഒരു പെട്രോ കെമിക്കൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ. എസ്.ഐ.ഡി.സി.-യും ഗെയിലുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇഞ്ചിനീയർ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠനത്തിനായി ഗെയ്ൽ ചുമതലപ്പെടുത്തിയിരിക്കുന്നു. 2005 ഏപ്രിലോടെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗെയ്ൽ നിക്ഷേപ തീരുമാനമെടുക്കുന്നതാണ്. ദ്രവീകൃത പ്രകൃതിവാതക പദ്ധതിയെപ്പറ്റിയുള്ള സാദ്ധ്യതാപഠനം, കമ്പോള സർവ്വേ എന്നിവ പൂർത്തിയായി. പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന കേന്ദ്രപൊതുമേഖലാ സ്ഥാപനം ഈ പദ്ധതി സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു കഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റ് പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) പെട്രോ കെമിക്കൽസ് പദ്ധതിയുടെ നിക്ഷേപം ഉദ്ദേശം 7000 കോടി രൂപയായി കണക്കാക്കുന്നു. 3500 പേർക്ക് തൊഴിൽ സാദ്ധ്യത പ്രതീക്ഷിക്കുന്നു. ദ്രവീകൃത പ്രകൃതിവാതക പദ്ധതിയ്ക്ക് ഉദ്ദേശം 2,300 കോടി രൂപയുടെ നിക്ഷേപവും 1000 പേർക്ക് തൊഴിൽ സാദ്ധ്യതയും പ്രതീക്ഷിക്കുന്നു.

മംഗലാപുരം-കാസർഗോഡ്-കൊച്ചി-കായംകുളം പൈപ്പ് ലൈൻ പദ്ധതി

107 [1627] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മംഗലാപുരം-കാസർഗോഡ്-കൊച്ചി-കായംകുളം പൈപ്പ് ലൈൻ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്രയാണെന്നും ഇതിന്റെ സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യാ ലിമിറ്റഡ്, കർണാടക സംസ്ഥാന ഗവൺമെന്റ് എന്നിവയുമായി നടത്തിയ ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പദ്ധതിയ്ക്കായി ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ പൈപ്പ് ലൈൻ റൂട്ട് സർവ്വേ പൂർത്തിയാക്കി 213 കി.മീ. പൈപ്പ് ലൈൻ ഇടുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ ജോലി ആരംഭിക്കുകയും അതിലേയ്ക്കുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഗ്യാസിന്റെ പ്രമുഖ ഉപഭോക്താക്കളായ 14 സ്ഥാപനങ്ങളുമായി ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ഹെഡ്സ് ഓഫ് എഗ്രിമെന്റ് ഒപ്പിട്ടു.

(ബി) 1700 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ മുഴുവൻ തുകയും ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യതന്നെ മുടക്കുമെന്നാണ് അറിയിക്കുന്നത്.

(സി) വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

കേരളാ പോലീസ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ സർക്കാരിന് നൽകുന്ന നിവേദനങ്ങൾ

108 [1628] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. ജോസഫ് എം. പുതുശ്ശേരി :

„ തോമസ് ഉണ്ണിയാടൻ :

„ സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന്റെ ഇപ്പോഴത്തെ സംസ്ഥാന ഭാരവാഹികൾ ആരൊക്കെയാണെന്നും, അവരുടെ പേരും റാങ്കും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലവും വ്യക്തമാക്കാമോ ;

(ബി) ഇപ്പോഴത്തെ സംസ്ഥാന കമ്മിറ്റി നിലവിൽ വന്നത് എന്നാണെന്നും, ഈ കമ്മിറ്റിയിൽ ആകെ എത്ര അംഗങ്ങളുണ്ടെന്നും, ഓരോരുത്തരും ഏത് വിഭാഗത്തിൽനിന്നുള്ളവരാണെന്നും വ്യക്തമാക്കാമോ ;

(സി) ഈ അസോസിയേഷൻ സർക്കാരിന് നൽകുന്ന നിവേദനങ്ങളിൽ ജില്ലാ ആംഡ് റിസർവിലെ ഓഫീസർമാരുടെ പ്രശ്നങ്ങൾ ഉൾപ്പെടുത്തുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജില്ലാ ആംഡ് റിസർവ് വിഭാഗത്തിലെ ഓഫീസർമാർക്കും സംസ്ഥാന കമ്മിറ്റിയിൽ പ്രാതിനിധ്യം കിട്ടത്തക്കവിധം കേരളാ പോലീസ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷന്റെ ഭരണഘടന മാറ്റുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly